# പതിനാലാം കേരളനിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.678

28.02.2018 ന് മറുപടിയ്ക്ക്.

## വനം വകുപ്പിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.ശശി | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാന വനംവകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാനും, അഴിമതി തടയാനും, സ്വാഭാവിക വനങ്ങളുടെ സംരക്ഷണത്തിനും, വന്യമൃഗ വേട്ട തടയുന്നതിനും , സംസ്ഥാന അതിർത്തി പങ്കിടുന്ന മറ്റു സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനുമായി ഈ സർക്കാർ സ്വീകരിച്ച വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; | (എ) സ്വാഭാവിക വനങ്ങളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട്, സംസ്ഥാനത്തെ വനംകൊള്ളയും, വന്യമൃഗവേട്ടയും, കയ്യേറ്റശ്രമങ്ങളും യഥാസമയം കണ്ടെത്തി തടയുകയും കുറ്റക്കാർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. വനഭൂമിയുടെ സംരക്ഷണത്തിനായി വനാതിർത്തി നിർണ്ണയിച്ച് സ്ഥിരം ജണ്ട കെട്ടിയും, കയ്യാല സ്ഥാപിച്ചും, വനം കയ്യേറ്റത്തിന് സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ നിരന്തരം പട്രോളിംഗ് നടത്തിയും ജനപങ്കാളിത്ത പ്രവർത്തനങ്ങളിലൂടെ വനസംരക്ഷണം നടത്തുന്നു. വനസംരക്ഷണത്തിന് പുതുതായി 10 ഫോറസ്റ്റ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. വനം വകുപ്പിന്റെ കൈവശമുള്ളതും മറ്റു വകുപ്പുകളിൽ നിന്നും ലഭിച്ചതുമായ കണ്ടൽക്കാടുകൾ ഉൾപ്പെടെ പാരിസ്ഥിതിക പ്രാധാന്യമുള്ള ഭൂമികൾ റിസർവ്വ് വനമായി പ്രഖ്യാപിച്ച് സംരക്ഷിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കാട്ടുതീ മൂലം സ്വാഭാവിക വനങ്ങൾ നശിക്കാതിരിക്കാൻ ഫയർ ലൈനുകൾ നിർമ്മിക്കുകയും ഫയർ വാച്ചർമാരെ നിയോഗിക്കുകയും ചെയ്യുന്നു. വനം വകുപ്പുമായി ബന്ധപ്പെട്ട പുരാതന രേഖകൾ സംരക്ഷിക്കുന്നതിന് നൂതന രീതിയിലുള്ള ഒരു റിക്കോഡ് റൂം സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥ തലത്തിലെ അഴിമതിക്കെതിരെ വനം വിജിലൻസ് വിഭാഗം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. |
| (ബി) സംസ്ഥാനത്ത് കഴിഞ്ഞ 5 വർഷ കാലയളവിൽ അഴിമതി , കൃത്യ നിർവ്വഹണത്തിൽ വീഴ്ച വരുത്തൽ, വനഭൂമി കൈക്കലാക്കൽ തുടങ്ങി വിവിധയിനം കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ട വനം വകുപ്പ് ജീവനക്കാർ എത്രയെന്നും ഇവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെന്നും | (ബി) കഴിഞ്ഞ 5 വർഷക്കാലയളവിൽ അഴിമതി, കൃത്യനിർവ്വഹണത്തിലെ വീഴ്ച, വനഭൂമി കൈക്കലാക്കൽ തുടങ്ങിയ കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ട 879 ജീവനക്കാർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>വനം വകുപ്പിലെ വിജിലൻസ് വിഭാഗം ഇത്തരം ദുഷ്പ്രവണതകൾക്കെതിരെ കാര്യക്ഷമമായി പ്രവർത്തി- |

വ്യക്തമാക്കാമോ ?

ക്കുന്നുണ്ട്. മേൽപ്പറഞ്ഞ ജീവനക്കാർക്കെതിരെ കേസിന്റെ ഗൗരവം കണക്കിലെടുത്ത് 1960-ലെ കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരം വകുപ്പുതലത്തിൽ ആവശ്യമായ അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അഴിമതിക്കാരെന്ന് കണ്ടെത്തുന്നവരെ പൊതുജന സമ്പർക്കം ഇല്ലാത്ത സ്ഥലങ്ങളിലേക്ക് സ്ഥലംമാറ്റം നടത്തിയും ശിക്ഷ നടപ്പാക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ